പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 365

03.02.2014 ന് മറുപടിയ്ക്ക്

## *നൈപുണ്യം സമ്മിറ്റ്*

*ചോദ്യം*

ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി.എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'നൈപുണ്യം സമ്മിറ്റ്' സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ്

*ഉത്തരം*

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2014 ജനവരി 20, 21 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചു.

(ബി) ആധുനിക മേഖലകളിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലനങ്ങളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് ഈ ഉച്ചകോടികൊണ്ട് ഉദ്ദേശിക്കുന്നത്. നൈപുണ്യം ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം വ്യവസായ പങ്കാളികളുമായി ചേർന്ന് നിർമ്മാണം, സുരക്ഷ, ആരോഗ്യശുശ്രൂഷ, ഓട്ടോമൊബൈൽ, റീടെയ്ൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പുനൽകുന്ന അന്താരാഷ്ട്ര തലത്തിൽ വൈദഗ്ധ്യമുള്ള പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ്. 2022-ൽ 500 ദശലക്ഷം യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാർ രൂപപ്പെടുത്തിയ National Skill Mission Policy യുടെ ഭാഗമായാണ് 2014 ജനുവരിയിൽ International Skill Summit സംഘടിപ്പിച്ചത്.

(സി) തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെയും തൊഴിൽ പരിശീലകരുടെയും പാഠ്യപദ്ധതികളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുക, അവശ്യമേഖലകളിൽ നൂതന

(.........2)

| | |
|---|---|
| സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അതിവിദഗ്ദ്ധ പരിശീലനം നൽകി അംഗീകൃത മേഖലകളിൽ വിദഗ്ദ്ധ പരിശീലനം ലഭ്യമായ വ്യക്തികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ഉദ്യമങ്ങൾ മുന്നിൽ കണ്ടുകൊണ്ട് താല്പര്യമുള്ള സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകൾ വിലയിരുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക വഴി രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ സാധിക്കും. |
| (ഡി) സമ്മിറ്റിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) വിദഗ്ദ്ധ പരിശീലനം നൽകാൻ കഴിവുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ധാരണാപത്രം ഒപ്പിടുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. 29.1.2014 വരെ 41 വ്യത്യസ്ത കമ്പനികളിൽ നിന്നും 83 Expression of Interest (EoI) കൾ ലഭ്യമായിട്ടുണ്ട്. EoI കൾ സ്വീകരിക്കുന്ന അവസാന തീയതി 31.1.2014 ആണ്. അതിനുശേഷം മാത്രമേ വിശകലനം ചെയ്ത് ധാരണാപത്രം ഒപ്പുവയ്ക്കാനുള്ള തീരുമാനമെടുക്കുകയുള്ളൂ. |

Sreeudey

സെക്ഷൻ ഓഫീസർ